

എമ്മാവൂസ്
# വചനദൂത്

ശ്ലീഹാക്കാലം
രണ്ടാം ഞായർ

# പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ

**റവ. ഡോ. പോൾ കുഞ്ഞാനയിൽ** MCBS

യോഹ. 16: 12-15; റോമ 5: 1-5 (Vol. 9, Issue 63)

ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നത്, ''വളരെ കാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയുവാനുണ്ട്; എന്നാൽ, അവ ഉൾക്കൊള്ളുവാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല'' എന്ന യേശുവചനത്തോടയാണ്.

തന്റെ അന്ത്യത്താഴ സമയത്ത് വി. കുർബാന സ്ഥാപിച്ചതിനുശേഷം ഈശോ ശിഷ്യന്മാരോട് പറയുന്ന വാക്യങ്ങളിൽ ഉൾപ്പെടുന്ന ഈ ഭാഗത്തിന്റെ ഏറ്റവും അടുത്ത പശ്ചാത്തലം യോഹന്നാന്റെ സുവിശേഷം 16-ാം അദ്ധ്യായം മുതലുള്ള വാക്യങ്ങളിലാണ് കാണുക, ത്രീത്വൈക ദൈവത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനങ്ങളാണ് ഈ വചനങ്ങളിലൂടെ നാം കേൾക്കുന്നത്. തന്നെ അയച്ച തന്റെ പിതാവിന്റെ പക്കലേയ്ക്ക് തിരികെ പോവുകയാണ് താനെന്ന് യേശു ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നു. ശിഷ്യന്മാരുടെ നന്മയ്ക്ക് വേണ്ടിയാണ് യേശു പിതാവിന്റെ പക്കലേയ്ക്ക് പോകുന്നത്. കാരണം, പിതാവിന്റെ പക്കലേയ്ക്ക് പോയിക്കഴിയുമ്പോൾ സഹായകനായ പരിശുദ്ധാത്മാവ് ശിഷ്യരുടെ അടുത്തേയ്ക്ക് വരും. പരിശുദ്ധ ത്രിത്വത്തിലെ വ്യക്തികളായ പിതാവിനെക്കുറിച്ചും പുത്രനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും പറഞ്ഞതിനുശേഷമാണ് ഈശോ പറയുന്നത്, ഇത് ഉൾക്കൊള്ളുവാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല എന്ന്.

തിരുസഭയിലെ ആദ്യത്തെ സൂനഹദോസുകളായ നിഖ്യായിലെയും കോൺസ്റ്റാന്റിനോപ്പിളിലെയും സൂനഹദോസ് രൂപീകരിച്ച വിശ്വാസപ്രഖ്യാപനം ആരംഭിക്കുന്നത് സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. ആദിമസഭയുടെ അടിസ്ഥാനമായിരുന്ന ത്രിത്വൈകദൈവത്തിലുള്ള വിശ്വാസം ഈ സൂനഹദോസുകൾ അടിവരയിട്ട് ആവർത്തിക്കുന്നു.

ത്രിത്വൈക രഹസ്യത്തിന്റെ, മനസ്സിലാക്കാൻ ബുദ്ധിമുട്ടേറിയ ഒരു കാര്യമാണ് 'എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിയുകയില്ല' എന്ന് സൂചിപ്പിക്കുന്നതിന് സുവിശേഷകൻ ഉപയോഗിക്കുന്ന പദം. ബസ്താക്സൊ (Bastakso) എന്ന ഗ്രീക്ക് പദമാണത്. കഠിനമായ, ബുദ്ധിമുട്ടേറിയ, ഭാരം വഹിക്കുക എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. യേശു കുരിശ് വഹിച്ചുകൊണ്ട് തലയോടിടം എന്നർത്ഥമുള്ള ഗാഗുൽത്തായിലേയ്ക്ക് പോയി എന്ന് സൂചിപ്പിക്കുവാൻ സുവിശേഷകൻ ഇതേ ക്രിയ തന്നെയാണ് ഉപയോഗിക്കുന്നത് (യോഹ. 19:17). സ്വന്തം കുരിശും വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരാത്തവന് എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല എന്ന ലൂക്കാ സുവിശേഷത്തിലെ കുരിശെടുക്കുക എന്നുള്ള ക്രിയയും ഇതുതന്നെയാണ് (ലൂക്കാ 14:27). ഇതേ ക്രിയ തന്നെ യോഹ. 16:12-ൽ സുവിശേഷകൻ ഉപയോഗിക്കുമ്പോൾ ത്രിത്വൈക രഹസ്യവും മനസ്സിലാക്കുക അത്ര ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു.

ത്രിത്വൈക രഹസ്യം മനസ്സിലാക്കുന്നതിലെ ബുദ്ധിമുട്ട് സഭയുടെ ചരിത്രത്തിലുടനീളം പല ശീശ്മകൾക്കും ഇടയാക്കിയിട്ടുണ്ട്. അതിനുള്ള ചില ഉദാഹരണങ്ങളാണ് ആദിമസഭയിലുണ്ടായിട്ടുള്ള സബല്ല്യനിസം, ആര്യനിസം തുടങ്ങിയ ശീശ്മകൾ. എന്നാൽ സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേയ്ക്ക് നയിക്കും എന്ന യേശുവചനങ്ങൾ പ്രത്യാശ ജനിപ്പിക്കുന്നവയാണ്. ത്രിത്വൈക രഹസ്യം ഗ്രഹിക്കാൻ ബുദ്ധിമുട്ടാണെങ്കിലും പരിശുദ്ധാത്മാവിന്റെ സഹായത്താൽ അതിന് സാധിക്കുമെന്ന് യേശു ഉറപ്പിച്ച് പറയുകയാണ്.

ഇന്നത്തെ സുവിശേഷം ത്രിത്വൈക രഹസ്യം എന്ന മഹാരഹസ്യത്തെ അതിലളിതമായി അവതരിപ്പിക്കുന്നു. അതിന് ഈശോ ഉപയോഗിക്കുന്നത് കൊടുക്കൽവാങ്ങലുകളുടെ ഭാഷയാണ്. പരിശുദ്ധാത്മാവ് സംസാരിക്കുന്നത്

യേശുവിനുള്ളവയിൽ നിന്ന് സ്വീകരിച്ചുകൊണ്ടായിരിക്കും. എന്നാൽ, പുത്രന്റേതായിട്ടുള്ളതൊന്നും പുത്രന്റേതല്ല. അതെല്ലാം പിതാവിൽ നിന്ന് പുത്രൻ സ്വീകരിച്ചിട്ടുള്ളവയാണ്. പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ് എന്ന ക്രിസ്തുവചനങ്ങൾ ഇതാണ് സൂചിപ്പിക്കുന്നത്. ത്രിയേക ദൈവത്തെക്കുറിച്ചുള്ള യേശുവിന്റെ ഈ വെളിപ്പെടുത്തൽ പഴയനിയമത്തിലാരംഭിച്ച് തലമുറകളോട് ദൈവം നടത്തിയ വെളിപ്പെടുത്തലിന്റെ പൂർത്തീകരണമാണ്. പഴയനിയമത്തിൽ ദൈവത്തെക്കുറിച്ചുള്ള പല വെളിപ്പെടുത്തലുകളും ഉണ്ടെങ്കിലും അതിന്റെയൊക്കെ ഏറ്റവും ഉദാത്തമായി നിൽക്കുന്ന ദൈവിക വെളിപാട് പുറ. 3:14-ൽ ദൈവം തന്നെക്കുറിച്ചു തന്നെ പറയുന്നതാണ്; "ഞാൻ ആകുന്നവൻ ആകുന്നു."

പഴയനിയമ ചരിത്രപശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ ദൈവം തന്നെത്തന്നെ ആദ്യമായി വെളിപ്പെടുത്തുന്നത് അബ്രഹാമിനാണ്. എന്നാൽ, പിന്നെയും നൂറ്റാണ്ടുകൾക്കു ശേഷമാണ് ദൈവം ആദ്യമായി തന്റെ പേര് വെളിപ്പെടുത്തിക്കൊടുക്കുന്നത്. പിന്നെയും നൂറ്റാണ്ടുകളെടുത്ത് ദൈവിക രഹസ്യങ്ങൾ സ്വീകരിക്കുന്നതിന്, മനുഷ്യകുലത്തെ ഒരുക്കിയതിനുശേഷം മിശിഹായായ യേശുവിലാണ് ത്രിത്വൈക ദൈവരഹസ്യം ദൈവം വെളിപ്പെടുത്തി തന്നത്.

ത്രിയേകദൈവത്തെ മനസ്സിലാക്കണമെങ്കിൽ ത്രിയേക ദൈവത്തിലുള്ള പ്രവർത്തനത്തെ മനസ്സിലാക്കണം. ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുന്ന ത്രിയേകദൈവത്തിലെ പ്രവർത്തനം കൊടുക്കലാണ്. പിതാവ് തനിക്കുള്ളതെല്ലാം പുത്രന് കൊടുക്കുന്നു. പരിശുദ്ധാത്മാവ് അത് വിശ്വാസികൾക്ക് പഠിപ്പിച്ചുകൊടുക്കുന്നു. ത്രിയേകദൈവത്തിലെ പ്രവർത്തനം പങ്കുവയ്പ്പാണെങ്കിൽ അതിന്റെ അടിസ്ഥാനം സ്നേഹമാണ്. എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു എന്ന് പറഞ്ഞുകൊണ്ട് യോഹന്നാൻ ഈ സുവിശേഷത്തിന്റെ ആഴം വെളിവാക്കുന്നു (യോഹ. 3:1-6). ഒന്നാമത് യോഹ. 4:8-ൽ ദൈവം സ്നേഹം തന്നെയാണെന്ന് യോഹന്നാൻ ശ്ലീഹാ നിർവ്വചിക്കുന്നു. ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് ചൊരിയപ്പെട്ടിരിക്കുന്നു. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസമാണ് ക്രൈസ്തവജീവിതത്തെ നിർവ്വചിക്കുന്നത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് നാം മാമ്മോദീസാ സ്വീകരിക്കുന്നത്. ഓരോ പ്രാവശ്യവും കുരിശ് വരയ്ക്കുമ്പോഴും ത്രിത്വസ്തുതി ചൊല്ലുമ്പോഴും ത്രിത്വത്തിലുള്ള നമ്മുടെ വിശ്വാസം ആവർത്തിച്ചു പറയുകയാണ് നമ്മൾ ചെയ്യുന്നത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും 'നാമങ്ങളിൽ' എന്നല്ല, നാമത്തിൽ എന്നാണ് നാം പ്രാർത്ഥിക്കുന്നത്. മൂന്ന് വ്യക്തികളുണ്ടെങ്കിലും ഏകദൈവം എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

ത്രിയേകദൈവത്തിന്റെ നിർണ്ണായകമായ മൂന്ന് പ്രവർത്തനങ്ങളെ നാമൊരിക്കലും വിസ്മരിക്കരുത്. അതിൽ ആദ്യത്തേത് സൃഷ്ടിയാണ്. ഉണ്ടായിട്ടുള്ളതെല്ലാം ദൈവത്തിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സ്നേഹം പരസ്പരം കരകവിഞ്ഞൊഴുകിയതാണ് സൃഷ്ടികർമ്മം. നാമോരോരുത്തരും നമുക്കുള്ളതും നമുക്കുള്ളവരുമെല്ലാം ദൈവത്തിൽ നിന്നാണ് ഉരുവായിരിക്കുന്നത്.

രണ്ടാമത്തേത് പുത്രനായ ദൈവത്തിന്റെ മനുഷ്യാവതാരം. സ്നേഹത്തിൽ നിന്ന് അകന്നുപോയ മനുഷ്യവംശത്തെ മുഴുവൻ വീണ്ടെടുക്കുവാൻ വേണ്ടി ദൈവം നടത്തിയ സ്വയം ശൂന്യവത്ക്കരണമാണ് മനുഷ്യാവതാരത്തിൽ കാണുന്നത്.

മൂന്നാമത്തേത് ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. പുനരുത്ഥാനത്തിലൂടെ ക്രിസ്തുവിന്റെ മനുഷ്യപ്രകൃതി ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ടു. അതുവഴി മനുഷ്യവംശത്തിന് മുഴുവൻ മൃതിയുടെ അടിമത്വത്തിൽ നിന്ന് മോചനവും നിത്യജീവിനിലേയ്ക്ക് പ്രവേശിക്കാനുള്ള സാധ്യതയും തുറന്നുകിട്ടി.

ത്രിയേകദൈവത്തിലുള്ള വിശ്വാസം 5 കാര്യങ്ങൾ നമ്മിൽ നിന്ന് ആവശ്യപ്പെടുന്നു.

1. ദൈവത്തിന്റെ മഹത്വവും അപരിമേയത്വവും അറിയുകയും അംഗീകരിക്കുകയും ചെയ്യുക നമുക്ക് ഗ്രഹിക്കാനാവാത്തവിധം ദൈവം മഹോന്നതനാണ് എന്ന് ജോബിന്റെ പുസ്തകം 36-ാം അദ്ധ്യായം 26-ാം വാക്യം സാക്ഷ്യപ്പെടുത്തുന്നു.

2. ദൈവത്തോടുള്ള കൃതജ്ഞതയിൽ ജീവിക്കുക - നാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്നും നമുക്കുള്ളതെല്ലാം ദൈവത്തിൽ നിന്ന് വരുന്നതാണെന്നും ദൈവം തിരുമനസ്സാകുന്നില്ലെങ്കിൽ നമുക്ക് നിലനിൽക്കാൻ സാധിക്കുകയില്ല എന്നുമുള്ള ബോധ്യം ദൈവത്തോടുള്ള കൃതജ്ഞതയാൽ നമ്മുടെ ജീവിതത്തെ നിറയ്ക്കും.

3. മനുഷ്യരുടെ മഹത്വവും ഐക്യവും അംഗീകരിക്കുക - നാമോരോരുത്തരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നവരാണ്. ജാതി-മത ഭേദമന്യെ എല്ലാവരും ദൈവത്തിന്റെ ഛായയും സാദൃശ്യവും പേറുന്നവരാണ്. പരസ്പരം നിസ്വാർത്ഥമായി സ്നേഹിക്കമ്പോൾ ത്രിയേകദൈവത്തിലുള്ള സ്നേഹപ്രവൃത്തയിലേയ്ക്ക് നാം നടന്നടുക്കുകയാണ്.

4. സൃഷ്ടവസ്തുക്കളെ ശരിയായി ഉപയോഗിക്കുക - ത്രിയേകദൈവത്തിലുള്ള വിശ്വാസം പ്രകൃതിയിലേയ്ക്ക് നമ്മെ അടുപ്പിക്കും. എല്ലാ സൃഷ്ടവസ്തുക്കളെയും ദൈവത്തിലേയ്ക്ക് അടുപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കുവാനും ദൈവത്തിൽ നിന്നകറ്റുന്ന എല്ലാറ്റിലും നിന്ന് അകലം പാലിക്കുവാനും ത്രിയേകദൈവത്തിലുള്ള വിശ്വാസം നമ്മെ നിർബന്ധിക്കുന്നു.

5. എല്ലാ സാഹചര്യങ്ങളിലും ദൈവത്തിൽ ആശ്രയിക്കുക - മുല കുടിക്കുന്ന കുഞ്ഞിന് അമ്മയെ മറക്കാനായാലും, പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരുന്നാലും ദൈവം നമ്മെ മറക്കുകയില്ല. തന്റെ ഉള്ളംകയ്യിൽ നമ്മെ രേഖപ്പെടുത്തി വച്ച് അവിടുന്ന് നമ്മെ സംരക്ഷിക്കുന്നു (ഏശ. 49: 15-16). ആ ദൈവം ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും എത് പ്രതിസന്ധികളിലും നമ്മെ സഹായിക്കും. ഈ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട് ദൈവത്തിൽ ആശ്രയിക്കാൻ നമുക്കായെങ്കിൽ ത്രിയേകദൈവത്തിലുള്ള നമ്മുടെ വിശ്വാസം ശരിയായ അടിസ്ഥാനപ്പെട്ടതാണെന്ന് നമുക്ക് പറയാൻ സാധിക്കും.